# 43. വായനസുഖം

വായനസുഖം (റീഡബിലിററി) ഒരു സാഹിത്യഗുണം ആണെന്ന് ആദ്യമായി അംഗീകരിച്ചതു് പത്രപ്രവർത്തകരാണ്. ഇപ്പോഴിപ്പോൾ സാഹിത്യത്തിൻെറ അനപേക്ഷണീയമായ ഏകഗുണം വായനസുഖമാണെന്ന വന്നിരിക്കുന്നു.

രസാത്മകമായ വാക്യമാണ് സാഹിത്യം എന്ന വിശ്വസിച്ചിരുന്ന പഴയ ആചാര്യന്മാരുടെ വീക്ഷണത്തിൽ രസനീയതയായിരുന്നു സാഹിത്യത്തിൻെറ മുഖ്യഗുണം. സാഹിത്യത്തിൻെറ ഉപഭോക്താക്കളായി ഈ ആചാര്യന്മാർ സങ്കല്പിച്ചിരുന്നതു കാവ്യഭാവനാപരിപാകപ്രബുദ്ധികളായ സഹൃദയരെ ആയിരുന്നു. ദീർഘകാലത്തെ സാഹിത്യാധ്യയനംകൊണ്ട് ഹൃദയസംസ്കാരംനേടി, സാഹിത്യത്തിലെ വർണ്യവിഷയവുമായി താദാത്മ്യം പ്രാപിക്കുന്നതിനു കഴിവ് ആർജിച്ചവരത്രേ സഹൃദയർ. സാഹിത്യത്തിൽനിന്നു് സഹൃദയർ പ്രതീക്ഷിക്കുന്നതു രസാനുഭൂതിയാകുന്നു. അതിനാൽ, സഹൃദയരെ ഉദ്ദേശിച്ച രചിക്കുന്ന സാഹിത്യം രസനീയമാകണമെന്നതു് അനുക്തസിദ്ധമത്രേ.

സഹൃദയർ എപ്പോഴും സമൂഹത്തിലെ ഒരു ന്യൂനപക്ഷമായിരിക്കും. പത്രപ്രവർത്തനം ലക്ഷ്യമാക്കുന്നതു് ഈ ന്യൂനപക്ഷത്തെയല്ല, മറിച്ച്, അക്ഷരാഭ്യാസത്തിൽ കവിഞ്ഞ സാഹിത്യസംസ്കാരമൊന്നും നേടിയിട്ടില്ലാത്ത ഭൂരിപക്ഷത്തെയാണ്. എത്ര കൂടുതൽ പ്രതികൾ വിററഴിയുന്നു എന്നതാണ് ഒരു പത്രത്തിൻെറ വിജയമാനദണ്ഡം. പത്രത്തിൻെറ പ്രചാരം വർധിക്കുന്ന തോതിനു വായനക്കാരുടെ സാഹിത്യസംസ്കാരത്തിൻെറ നിലവാരം താഴ്ന്നുവരാനാണ് സാധ്യത. അത്തരം വായനക്കാർക്കുവേണ്ടി നിർമിക്കപ്പെടുന്ന സാഹിത്യത്തിൻെറ മുഖ്യഗുണം പഴയ സങ്കല്പപ്രകാരമുള്ള രസനീയതയാവുക വയ്യ.

കഷ്ടിച്ച വായിക്കാൻമാത്രം പഠിച്ചിട്ടുള്ള വായനക്കാർ തേടിപ്പിടിച്ച വിലകൊടുത്തു വാങ്ങി വായിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്ന പത്രത്തിലെ സാഹിത്യം ഏതു വിധത്തിലുള്ളതായിരിക്കണം? ഈ അന്വേഷണത്തിൽ നിന്നാണ് 'വായനസുഖം' (റീഡബിലിററി) എന്ന സങ്കല്പനം ഉരുത്തിരിഞ്ഞുവന്നതു്.

തലക്കെട്ടു കണ്ടാൽത്തന്നെ വായിക്കാൻ താല്പര്യം തോന്നണം; ഭാഷ അങ്ങേയററം ലളിതമാവണം; വായിക്കാൻ തുടങ്ങിയാൽ അവസാനംവരെ ഒരുവട്ടമെങ്കിലും മനസ്സിരുത്തി വായിക്കാൻ വായനക്കാരൻ നിർബന്ധിതനാവണം; പ്രതിപാദനത്തിലെ യുക്തി വായനക്കാരനു ബോദ്ധ്യപ്പെടണം; വായിച്ചുകഴിഞ്ഞാൽ കുറെ സമയത്തേക്കു വിഷയം വായനക്കാരൻെറ മനസ്സിൽ വിട്ടുമാറാതെ നില്ക്കണം—ഇങ്ങനെ ചിലതൊക്കെയാണ് 'വായനസുഖം' എന്ന പദംകൊണ്ട് ആദ്യമാദ്യം ഉദ്ദേശിക്കപ്പെട്ടിരുന്നതു്.

പത്രപ്രവർത്തനം സർവകലാശാലാതലത്തിൽ ഒരു പാഠ്യവിഷയമായിത്തീർന്നപ്പോൾ 'വായനസുഖം' എന്ന സങ്കല്പനത്തെ കുറേക്കൂടി നിഷ്കൃഷ്ടമായി നിർവചിക്കേണ്ടതായിവന്നു. എഴുത്തുകാരൻ ഉപയോഗിക്കുന്ന പദങ്ങൾ, അവകൊണ്ടു രചിക്കുന്ന വാക്യങ്ങൾ, വാക്യങ്ങളിലൂടെ സംപ്രേഷണം ചെയ്യുന്ന ആശയങ്ങൾ, ആശയങ്ങൾകൊണ്ടു വായനക്കാരുടെ മനസ്സുകളിൽ ആലേഖനംചെയ്യുന്ന ചിത്രങ്ങൾ (ഇമേജുകൾ), എഴുത്തുകാരൻെറ ശൈലി, എഴുത്തുകാരനും വായനക്കാരനുമിടയിൽ സ്ഥാപിതമാ

കേണ്ട ഹൃദയസംവാദം മുതലായ പല ഘടകങ്ങളുമായി ബന്ധപ്പെടുത്തി 'വായനസുഖം' നിർവചിക്കപ്പെട്ടിട്ടുണ്ട്.

ഡി. റോബർട്ട് ഗണ്ണിങ് എന്ന അമേരിക്കക്കാരൻ എഴുതിയ 'ടെക്നിക് ഓഫ് ക്ലിയർ റൈററിങ്' എന്ന ഗ്രന്ഥത്തിൽ ചേർത്ത 'വായനസുഖത്തിൻെറ പത്തു കല്പനകറം,' വായനസുഖം എന്ന സങ്കല്പനത്തെ പ്രയോജനകരമായി വിവരിക്കുന്നുണ്ട്. ഈ കല്പനകറം താഴെ ചേർക്കുന്നു:

1. വാക്യങ്ങറം ഹ്രസ്വങ്ങളാക്കുക.
2. സങ്കീർണവാക്യങ്ങറം ഒഴിവാക്കുക.
3. പരിചിതപദങ്ങറം ഉപയോഗിക്കുക.
4. അനാവശ്യ പദങ്ങറം ഉപയോഗിക്കാതിരിക്കുക.
5. ക്രിയാപദങ്ങളിൽ ചലനം നിറയ്ക്കുക.
6. സംസാരിക്കുംപോലെ എഴുതുക.
7. വായനക്കാരൻ മനസ്സിൽ ചിത്രീകരിക്കുന്ന കാര്യങ്ങറം എഴുതുക.
8. വായനക്കാരൻെറ അനുഭവങ്ങളുമായി ബന്ധം സ്ഥാപിക്കുക.
9. പരമാവധി വൈചിത്ര്യം പുലർത്തുക.
10. ആശയാവിഷ്കരണം ലക്ഷ്യമാക്കുക; വായനക്കാരനെ അമ്പരപ്പിക്കൽ ലക്ഷ്യമാക്കാതിരിക്കുക.

ഇവയിൽ മൂന്നും നാലും അഞ്ചും കല്പനകറം എഴുത്തുകാരൻ ഉപയോഗിക്കുന്ന പദങ്ങളെപ്പററിയാണ്. ഒന്നും രണ്ടും കല്പനകറം വാക്യരചനയെ സംബന്ധിച്ചവയത്രേ. ആറും ഏഴും ഒമ്പതും കല്പനകറം എഴുത്തുകാരൻെറ ശൈലിയെ വിഷയീകരിക്കുന്നു. എട്ടും പത്തും കല്പനകറം എഴുത്തുകൊണ്ടു നേടേണ്ട പ്രയോജനം എന്തെന്നു പറയുന്നു.

പല വികല്പങ്ങളിൽ ഒന്നു തിരഞ്ഞെടുക്കുക എന്നതാണല്ലോ ജീവിതത്തിലെ പ്രധാന പ്രശ്നം. സാഹിത്യരചനയിലെ മുഖ്യപ്രശ്നവും ഇതുതന്നെയാണ്. ഒരേ ആശയം വ്യത്യസ്തരീതികളിൽ ആവിഷ്കരിക്കാം; പക്ഷേ, ഓരോ രീതിയിലും ആവിഷ്കരിക്കപ്പെടുമ്പോറം ആശയത്തിൽ പല ഛായാഭേദങ്ങറം (അല്ലെങ്കിൽ നിറഭേദങ്ങറം) വന്നുചേരുന്നു. ഏററവുമധികം പ്രഭാവം വായനക്കാരനിൽ ഉളവാക്കുമാറു് ഒരു ആശയം അവതരിപ്പിക്കുന്നതിനു് ഏതു പദങ്ങളാണു് ഉതകുക? 'പരിചിത പദങ്ങറം ഉപയോഗിക്കുക' എന്ന കല്പന ഇവിടെ പ്രസക്തമാകുന്നു.

ആശയാവിഷ്കരണത്തെ സഹായിക്കുന്നതുപോലെതന്നെ പദങ്ങറം പലപ്പോഴും ആശയാവിഷ്കരണത്തെ തടസ്സപ്പെടുത്തുന്നുമുണ്ട്. ആവശ്യത്തിൽ കവിഞ്ഞു് ഉപയോഗിക്കപ്പെടുന്ന ഓരോ പദവും ആശയത്തിൻെറ സ്വാഭാവികമായ പ്രവാഹത്തെ പ്രതിബന്ധിക്കും. ആശയസംക്രമണത്തിനു് ആവശ്യമുള്ള പദങ്ങറം വാക്യങ്ങളിൽ വേണം; ആവശ്യത്തിൽക്കവിഞ്ഞ ഒരു പദവും അവയിൽ ഉണ്ടായിക്കൂടാ. ഈ വസ്തുതയാണ് 'അനാവശ്യപദങ്ങറം ഒഴിവാക്കുക' എന്ന നാലാംകല്പന വ്യക്തമാക്കുന്നതു്. എഴുതിക്കഴിഞ്ഞശേഷം ഓരോ വാക്യത്തിൽനിന്നും ഏതെങ്കിലും പദം നീക്കിക്കളയാൻ സാധ്യതയുണ്ടോ എന്ന ഒരു പരിശോധന എഴുത്തുകാരൻ സ്വയം ചെയ്തുനോക്കുന്നതു കൊള്ളാം.

ഒരു സമ്പൂർണാശയത്തെ നിവേദനം ചെയ്യുന്നതാണ് ഒരു വാക്യം. ആശയം സമ്പൂർണമാകുന്നതു് എന്തെങ്കിലും ചിലതു സംഭവിക്കുമ്പോഴാകുന്നു. സംഭവത്തെ അല്ലെങ്കിൽ ചലനത്തെ, ആവിഷ്കരിക്കുന്ന പദമത്രേ ക്രിയ. അതിനാൽ വാക്യത്തിലെ മുഖ്യപദം ക്രിയയാകുന്നു. എങ്കിലും ചലനത്തെ ആവിഷ്കരിക്കാത്ത ക്രിയാപദങ്ങളുമുണ്ട്. 'ആണ്', 'ആകുന്നു' മുതലായ ക്രിയാപദങ്ങറം ചലനരാഹിത്യത്തെ കുറിക്കുന്നവയാണല്ലോ. മലയാളത്തിലെ മിക്ക വാക്യങ്ങളും ഇത്തരം നിശ്ചലക്രിയകളിലാണ്

അവസാനിക്കുന്നതു്. മലയാളഗദ്യത്തിന്റെ ദുർബലതയുടെ ഒരു മുഖ്യകാരണം ഈ നിശ്ചലക്രിയകളാകുന്നു. 'ക്രിയാപദങ്ങളിൽ ചലനം നിറയ്ക്കുക' എന്ന കല്പന മലയാളഗദ്യലേഖകർ എപ്പോഴും ഓർമിക്കുന്നതു കൊള്ളാം.

ഒരു വാക്യത്തിൽ എത്ര പദമാവാം? ഒന്നുമുതൽ എത്രവരെയെങ്കിലുമാവാം. എങ്കിലും, ആകാവുന്നത്ര കുറച്ചു പദങ്ങൾകൊണ്ടു രചിക്കുന്ന വാക്യമാണു് പ്രസന്നമായിരിക്കുക. കാരകങ്ങൾക്കു ക്രിയയുമായുള്ള ബന്ധത്തെ മറച്ചു കളയുന്നതിനാൽ വാക്യത്തിലെ പദാധിക്യം അർത്ഥകാലുഷ്യത്തിനു കാരണമായിത്തീരുന്നു.

'വാക്യങ്ങൾ ഹ്രസ്വങ്ങളാക്കുക' എന്ന കല്പനയുടെ ഒരു വിപുലനം മാത്രമല്ല സങ്കീർണവാക്യങ്ങൾ ഒഴിവാക്കുക' എന്ന കല്പന. വാക്യസംരചന സംബന്ധിച്ച ഒരു സുപ്രധാനതത്ത്വംകൂടി അതിലടങ്ങിയിരിക്കുന്നു. ആധുനികസമൂഹത്തിൽ കൂട്ടുകുടുംബങ്ങൾക്കു സ്ഥാനമില്ല; 'അണുകുടുംബ'ങ്ങൾക്കേ സ്ഥാനമുള്ളൂ. അതായതു് ഒരു കുടുംബത്തിൽ ഒരു കുടുംബനായികയും ഒരു കുടുംബനാഥനുമേ ഉണ്ടാകാവൂ. ആധുനികഭാഷാപ്രയോഗത്തിലും ഓരോ വാക്യത്തിലും ഒന്നിലധികം ക്രിയകൾ വന്നുപെടാതിരിക്കുന്നതാണു ഭംഗി.

'സംസാരിക്കുംപോലെ എഴുതുക' എന്ന ശൈലീപരമായ നിർദേശം പ്രത്യേകം ശ്രദ്ധേയമാണു്. എഴുത്തിൽ വരുത്താൻ കഴിയാത്ത പല അർത്ഥനിവേദനതന്ത്രങ്ങളും സംസാരത്തിൽ ഉപയോഗിക്കപ്പെടാറുണ്ടു്. കാകു, സ്വരങ്ങളുടെ ആരോഹാവരോഹക്രമം, ആവർത്തനം, ലോപം, മൗനം മുതലായ ഘടകങ്ങൾ ഈ തന്ത്രങ്ങളിൽപ്പെടുന്നു. അതിനാൽ സംസാരിക്കുംപോലെ എഴുതുക ഒരിക്കലും സാധ്യമല്ല. എന്നാൽ, സംസാരിക്കുകയാണെന്ന തോന്നൽ ഉളവാക്കുംപോലെ എഴുതുക സാധ്യമാണു്. വായനസുഖത്തെ സഹായിക്കുന്ന മുഖ്യഘടകം ഈ തോന്നൽ ആണുതാനും.

വൈചിത്ര്യം പുലർത്താൻ സാമാന്യത്തിലേറെ പ്രയാസം ഉളവാക്കുന്ന തരത്തിലാണു് മലയാളത്തിലെ വാക്യഘടന. അതിനാൽ 'പരമാവധി വൈചിത്ര്യം പുലർത്തുക' എന്ന കല്പന മലയാളത്തിലെ എഴുത്തുകാർ 'പരമാവധി' ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മൂർത്തങ്ങളായ ബിംബങ്ങൾ വായനക്കാരുടെ മനസ്സിൽ ഉളവാകുമ്പോൾ മാത്രമേ എഴുത്തു് അതിന്റെ കർത്തവ്യം നിർവഹിക്കുന്നുള്ളു. പ്രത്യേകിച്ചു് അർത്ഥമൊന്നുമില്ലാത്ത വിശേഷണങ്ങളും സാമാന്യവൽകരണങ്ങളും ഉപേക്ഷിച്ചു് എഴുത്തുകാരൻ കണിശവും കൃത്യതയും കൈക്കൊള്ളുമ്പോൾ, അയാൾ പ്രതിപാദിക്കുന്ന കാര്യങ്ങൾ വായനക്കാരൻ മനസ്സിൽ സ്വയം ചിത്രീകരിച്ചുകൊള്ളും.

'വായനക്കാരന്റെ അനുഭവങ്ങളുമായി ബന്ധം സ്ഥാപിക്കുക' എന്നതു് സാഹിത്യരചനയിലെ പ്രാഥമികപാഠമാകുന്നു. എഴുത്തുകാരൻ വായനക്കാരന്റെ സാംസ്കാരികതലത്തിലേക്കു് ഇറങ്ങിവരികയോ, വായനക്കാരനെ എഴുത്തുകാരന്റെ സാംസ്കാരികതലത്തിലേക്കു കൈപിടിച്ചു് ഉയർത്തുകയോ ചെയ്യാതെ, അവർ തമ്മിൽ അർത്ഥഗർഭമായ ആശയവിനിമയം സാധ്യമാവുകയില്ല.

'ആശയാവിഷ്കരണം ലക്ഷ്യമാക്കുക' എന്ന അവസാനത്തെ കല്പനയ്ക്കു് അത്യന്തം വ്യാപകമായ അർത്ഥമാണുള്ളതു്. വായനക്കാരനെ അറിയിച്ചേ കഴിയൂ എന്നു നിർബന്ധമുള്ള എന്തെങ്കിലും ചില ആശയങ്ങൾ എഴുത്തുകാരനു് ഉണ്ടായിരിക്കണം. താൻ എഴുതുന്ന കാര്യത്തെപ്പററി കിട്ടാവുന്നത്ര മുഴുവൻ വിവരങ്ങളും അയാൾ ശേഖരിച്ചിരിക്കണം; ഇവയിൽ പ്രസക്തിയും പ്രാധാന്യവുമുള്ളവ തെരഞ്ഞെടുത്തു് അടുക്കി ചിട്ടപ്പെടുത്തിയുമിരിക്കണം. തണുത്ത വസ്തുതകളെ അയാൾ സ്വന്തം വികാരംകൊണ്ടു്

ഉദ്ദീപ്തങ്ങളാക്കകയും വേണം. മാനസികമായ ഈ തയ്യാറെടുപ്പു കൂടാതെ, കടലാസ്സിന്ന മുമ്പിൽ കത്തിയിരുന്നു് എഴുതേണ്ട കാര്യമേതെന്നു് ആലോചിക്കുന്നവരാണു പത്രലേഖകരിൽ വലിയ ഒരു വിഭാഗം. പത്രസാഹിത്യത്തിന്റെ വിരസതയ്ക്കും ഏകരൂപതയ്ക്കും നിസ്സാരതയ്ക്കും ഏറിയ തോതിൽ ഉത്തരവാദിത്വം വഹിക്കേണ്ടതു്, തന്റെ 'ഹോംവർക്കു്' ശരിക്ക ചെയ്യുന്നതിൽ എഴുത്തുകാരൻ വരുത്തുന്ന വീഴ്ചയാകുന്നു.

പ്രദർശന (ഡിസ്പ്ലേ)പരമായ ഒരു വശംകൂടി വായനസുഖത്തിനുണ്ടു്. ടൈപ്പുകളുടെ തെരഞ്ഞെടുപ്പു്, പേജിന്റെ സംവിധാനം, ചിത്രങ്ങരം മുതലായ, മുദ്രണം സംബന്ധിച്ച, ഘടകങ്ങരം ഇവിടെ പരിഗണനയ്ക്കു വിഷയമാകുന്നു. എത്ര വിശിഷ്ടമായ ഒരു സാഹിത്യകൃതിയും, അവിശുദ്ധമായി അച്ചടിക്കപ്പെട്ടാൽ, വായനസുഖം നഷ്ടപ്പെട്ടുപോവും. നന്നെ മോശമല്ലെങ്കിൽ, ഏതു കൃതിയും ഭംഗിയായ സംവിധാനത്തിലൂടെ വായനസുഖമുള്ളതാക്കകയും ചെയ്യാം. അതു്, പക്ഷേ, അച്ചടിക്കാരന്റെ കലയാണു്. എഴുത്തുകാരനെസ്സംബന്ധിച്ചിടത്തോളം 'വായനസുഖം' എന്തെന്നു് വിവരിക്കാനാണു് ഇവിടെ ശ്രമിച്ചിട്ടുള്ളതു്.

(26 മാർച്ച്, 1985)

## 44. ദേശീയഗ്രന്ഥശാലാനയം

ഗ്രന്ഥശാലകളെസ്സംബന്ധിച്ച വ്യക്തമായ ഒരു ദേശീയനയം ഇന്ത്യാഗവണ്മെൻറ് ആവിഷ്കരിക്കുകയും, സ്റ്റേററ് ഗവണ്മെൻറുകളുടെയും പൊതുജനങ്ങളുടെയും അറിവിനായി ഈ നയം പ്രഖ്യാപിക്കുകയും, നിഷ്ഠയോടെ അതു നടപ്പിൽ വരുത്തുകയും വേണമെന്ന ആവശ്യം പല വർഷങ്ങളായി ഉന്നയിക്കപ്പെട്ടുവരുന്നുണ്ടു്. പുസ്തകങ്ങരം വാങ്ങുന്നതിനു് സ്റ്റേററുകളിലെ ഗ്രന്ഥശാലകരംക്ക ധനസഹായം നൽകുകയെന്ന ഉദ്ദേശ്യത്തോടെ 'രാജാറാം മോഹൻറോയ് വിദ്യാഭ്യാസ ഫൗണ്ടേഷൻ' എന്ന സ്ഥാപനം കേന്ദ്രഗവണ്മെൻറ് നിലവിൽ വരുത്തിയപ്പോരം, ഇത്തരമൊരു ദേശീയനയത്തെപ്പററി കേന്ദ്രഗവണ്മെൻറിനെ ഉപദേശിക്കുക എന്ന ചുമതലകൂടി ഫൗണ്ടേഷനു് നിർദേശിച്ചിരുന്നു. രാജാറാം മോഹൻറോയ് ഫൗണ്ടേഷൻ ഇപ്പോരം ദേശീയ ഗ്രന്ഥശാലാനയത്തിന്റെ കരടുരേഖ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടു്. താമസിയാതെ കേന്ദ്രഗവണ്മെൻറ് ഈ രേഖ പാർലമെൻറിൽ ചർച്ചയ്ക്കു് സമർപ്പിക്കുമെന്നു് പ്രതീക്ഷിക്കാം. പൊതുജനങ്ങരം സാമാന്യമായും, ഗ്രന്ഥശാലാപ്രവർത്തകരും വിദ്യാഭ്യാസപ്രവർത്തകരും അവഗാഢമായും ഈ കരടുരേഖ പഠിക്കുകയും, പാർലമെൻറിൽ സമർപ്പിക്കപ്പെടുംമുമ്പുതന്നെ അതിനെപ്പററി ചർച്ചചെയ്തു് അഭിപ്രായം രൂപവല്ക്കരിക്കുകയും, അങ്ങനെ രൂപവല്ക്കരിക്കപ്പെട്ട അഭിപ്രായം അധികൃതസ്ഥാനങ്ങളിലെത്തിക്കുകയും ചെയ്യുന്നതു നന്നായിരിക്കും. 'ഗ്രന്ഥശാലകളെയും വിജ്ഞാനവിതരണസംവിധാനത്തെയും സംബന്ധിച്ച ദേശീയനയം' എന്നു പേരു നൽകപ്പെട്ടിരിക്കുന്ന ഈ കരടുരേഖയിലെ പ്രധാന ഭാഗങ്ങരം ഇവിടെ കുറിക്കുന്നതു്, ഇത്തരമൊരു ചർച്ചയ്ക്കു് ഇതു സഹായിക്കുമെന്ന പ്രതീക്ഷയോടെയാണു്.

രാജ്യത്തൊട്ടാകെ ഗ്രന്ഥശാലകളും വിജ്ഞാനവിതരണസേവനങ്ങളും ആസൂത്രിതമായി വികസിപ്പിക്കുകയും, ജനങ്ങരംക്കു് ഇവ ഉപയോഗ